OFFICE OF THE COCHIN DEVASWOM BOARD,
Round North, Thrissur - 680 001
PH: 2331124, 2327028, FAX:2335874, 2327029
E-mail. admin@cochindevaswomboard.org

# പരസ്യം

A9.13750/15 09/12/2015

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൻ കീഴിലുള്ള തൃപ്പൂണിത്തുറ ശ്രീപൂർണത്രയീശ ക്ഷേത്രത്തിലെ ഉത്സവാവശ്യത്തിനും, മറ്റു വിശേഷ ദിവസങ്ങളിലും ഉപയോഗിക്കുന്നതിനുള്ള പുതിയ സ്വർണ്ണതലേക്കെട്ട് (നെറ്റിപ്പട്ടം), പുതിയ വെള്ളിക്കുട എന്നിവ നിർമ്മിക്കുന്നതിന് ടി തൊഴിലിൽ പരിചയ സമ്പന്നരായ നിർമ്മാതാക്കളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ 2015 ഡിസംബർ 22ന് 3.pmന് മുമ്പായി കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിന് മുമ്പ് പാലിക്കേണ്ട നിർദ്ദേശങ്ങളും, കൂടുതൽ വിവരങ്ങളും കൊച്ചിൻ ദേവസ്വം ബോർഡ് വെബ് സൈറ്റിലും(www.cochindevaswomboard.org) തൃശ്ശൂർ ബോർഡ് ഓഫീസ്, തൃശ്ശൂർ, തിരുവഞ്ചിക്കുളം, തൃപ്പൂണിത്തുറ, തിരുവില്വാമല, ചോറ്റാനിക്കര അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസുകളിലെ നോട്ടീസ് ബോർഡിലും, തൃപ്പൂണിത്തുറ, ചോറ്റാനിക്കര, കൊടുങ്ങല്ലൂർ, തൃപ്രയാർ, ശ്രീവടക്കുംനാഥൻ, എറണാകുളം, തിരുവില്വാമല എന്നീ ക്ഷേത്രങ്ങളിലെ നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

പുതിയ സ്വർണ്ണനെറ്റിപ്പട്ടം, പുതിയ വെള്ളിക്കുട നിർമ്മാണം സംബന്ധിച്ച് നിബന്ധനകളും വിവരങ്ങളും:-

## സ്വർണ്ണതലേക്കെട്ട്

**നിർമ്മിക്കേണ്ട രീതി-ചൂരപ്പൊളി-11-ചന്ദ്രക്കല**

നിർമ്മിക്കുന്നതിന്റെ വലുപ്പം:-..

നെറ്റിപ്പട്ടം അളവ്-1കോൽ 5 വിരൽ

നീളം-65.ഇഞ്ച്

മദ്ധ്യഭാഗം വീതി-25.ഇഞ്ച്

മുകൾഭാഗം വീതി-31.5ഇഞ്ച്

നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നെറ്റിപ്പട്ടത്തിന് ആവശ്യമായ സ്വർണ്ണത്തിന് തൂക്കം, ഏകദേശം 6 കി.ഗ്രാം.

(മറുപുറം)

## വെള്ളിക്കുട

**നിർമ്മിക്കേണ്ട രീതി-**(ഉദ്ദേശം 5 കി.ഗ്രാം വെള്ളി)വെള്ളത്തകിടിൽ 2.5അടി വ്യാസത്തിൽ തീർക്കുന്ന കുടയും, മകുടവും, 4 കണ്ണി അലുക്കും, ഒരു വരി ആലിലക്കണ്ണിയും

1) മേൽപറഞ്ഞ തലേക്കെട്ട്, വെള്ളിക്കുട എന്നിവ നിർമ്മിക്കുന്നതിന് പണിക്കൂലി, പണിക്കുറവ്, ടി തൊഴിലിൽ മുൻപരിചയം എന്നിവ സംബന്ധിച്ച് എല്ലാ കാര്യങ്ങളും വ്യക്തമായി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
2) ടി ജോലികളെ സംബന്ധിച്ച് മുൻപരിചയം അവകാശപ്പെടുന്നവർ അതുമായി ബന്ധപ്പെട്ട രേഖകൾ, സർട്ടിഫിക്കറ്റുകൾ, ഫോട്ടോകൾ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം രേഖകൾ ഇല്ലാത്ത ക്വട്ടേഷനുകൾ മുൻപരിചയം ഇല്ലാത്തതായി കണക്കാക്കുന്നതാണ്.

   മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ അടങ്ങിയ ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന വിലാസമെഴുതി 2015 ഡിസംബർ 22ന് 3 മണിക്ക് മുമ്പായി തൃശ്ശൂർ ബോർഡ് ഓഫീസിൽ ലഭിക്കത്തക്ക വിധത്തിൽ തപാൽ വഴിയോ നേരിട്ടോ ലഭിക്കേണ്ടതാണ്. കവറിനു മുകളിൽ സ്വർണ്ണതലേക്കെട്ട്, വെള്ളിക്കുട നിർമ്മിക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് പ്രത്യേകം എഴുതിയിരിക്കേണ്ടതും, ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. നെറ്റിപ്പട്ടത്തിനും, വെള്ളികുടക്കും പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ, പ്രത്യേകം കവറുകളിൽ സമർപ്പിക്കേണ്ടതാണ്.

3) തൃപ്പൂണിത്തുറ ദേവസ്വം ആസ്ഥാനത്ത്, ദേവസ്വം ബോർഡ് നിർദ്ദേശിക്കുന്ന സ്ഥലത്ത് പ്രസ്തുത നിർമ്മാണം നടത്തേണ്ടതാണ്.
4) നിർമ്മാണവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ്, നിർമ്മാതാക്കൾക്ക് ചെയ്തുതരേണ്ട ആവശ്യങ്ങൾ ക്വട്ടേഷനിൽ പ്രതിപാദിക്കേണ്ടതാണ്.
5) നിർമ്മാണചുമതല ഏൽപ്പിച്ച് തരുന്ന ഉത്തരവ് തിയ്യതിക്കുശേഷം, എത്ര ദിവസം നിർമ്മാണജോലികൾക്ക് വേണ്ടിവരുമെന്നും ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
6) നിർമ്മാണച്ചുമതല ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനം ദേവസ്വം ബോർഡുമായി നിയമാനുസൃതമായ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.

   മേൽ വിവരിച്ച നിബന്ധനകൾക്ക് പുറമേ എന്തെങ്കിലും നിബന്ധനകൾ ഉൾപ്പെടുത്താനുണ്ടെന്ന് ബോർഡിന് ബോദ്ധ്യപ്പെടുന്ന സമയം, ആയത് സമയാസമയങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും

(ഒപ്പ്)

സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ

കൊച്ചിൻ ദേവസ്വം ബോർഡ്